പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 616** — 29-5-2019 ൽ മറുപടിക്ക്

## കൊയിലാണ്ടി മണ്ഡലത്തിലെ കെൽട്രോൺ നന്തി യൂണിറ്റിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ദാസൻ** | | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കെൽട്രോൺ നന്തി യൂണിറ്റിന്റെ വികസനത്തിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 1. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017-2018 -ൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി, നന്തി എന്നീ സ്ഥലങ്ങളിൽ (കടലൂർ പി.ഒ) ലൈറ്റിംഗ് ഡിവിഷന്റെ വികസന പ്രവർത്തനങ്ങൾക്കായി 97 ലക്ഷം രൂപ കെൽട്രോണിന് അനുവദിച്ചിരുന്നു. നന്തി കെൽട്രോൺ യൂണിറ്റിന്റെ അടിസ്ഥാന വികസനത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്റ്റെൻസിൽ പ്രിൻറർ, SMT റീ -വർക്ക് സ്റ്റേഷൻ, കംമ്പോണന്റ് പ്ലേസർ, ESD ഫ്ളോറിങ് നിർമാണം, പ്രൊഡക്ഷൻ ഫ്ലോറിന്റെ നവീകരണം, ആവശ്യമായ കസേരകളും, എയർ കണ്ടിഷണറുകളും സ്ഥാപിക്കൽ എന്നിവയ്ക്കായി അനുവദിച്ച ഫണ്ട് വിനിയോഗിച്ചു കഴിഞ്ഞു. പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തന സജ്ജമാണ്.<br><br>2. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കെൽട്രോണിന്റെ LED ഉത്പന്നങ്ങളും ശ്രവണ സഹായികളും ടെൻഡർ നടപടികൾ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുകയുണ്ടായി.<br><br>3. തൃശ്ശൂർ മുതൽ കാസർഗോഡ് വരെ ഉള്ള 7 ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള LED ഉത്പന്നങ്ങൾ പൂർണമായും കെൽട്രോൺ നിർമ്മിച്ചത് മാത്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>4. കെൽട്രോണിന്റെ "ശ്രവൺ" ഹിയറിങ് |

| | | | |
|---|---|---|---|
| | | | എയിഡ്യുകൾ കേരളത്തിലെ എല്ലാ സർക്കാർ അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ വകുപ്പിലും ടെൻഡർ നടപടികൾ കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത യൂണിറ്റ് കേന്ദ്രമാക്കി കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കെൽട്രോൺ എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (ബി) യും (സി) യും | കെൽട്രോൺ ലൈറ്റിംഗ് ഡിവിഷന്റെ കൈവശമുള്ള 13.5 ഏക്കർ ഭൂമിയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തു ഈ സർക്കാർ മുൻകൈ എടുത്ത് ഒരു ഇലക്ട്രോണിക്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ആയതിന്റെ സംക്ഷിപ്തരൂപം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ